പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4790** **27.06.2014 ലെ മറുപടിയ്ക്ക്**

**കറുപ്പന്തറ പൊതുമേഖലകേന്ദ്രം നേരിടുന്ന പ്രശ്നങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മോൻസ് ജോസഫ് | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കൃഷി വകുപ്പ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 22.02.2014-ൽ കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ കറുപ്പന്തറ കേന്ദ്രമായി പ്രവർത്തിക്കുന്ന പൊതുമേഖലകേന്ദ്രം നേരിടുന്ന വിവിധ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് വിളിച്ചുചേർത്ത യോഗത്തിൽ എടുത്ത തീരുമാനങ്ങൾ എന്തൊക്കെയാണ്; ഇതിൽ ഏതൊക്കെ നടപ്പിലാക്കി; തീരുമാന ങ്ങൾ നടപ്പാക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ കറുപ്പന്തറ കേന്ദ്രമായി പ്രവർത്തിക്കുന്ന പൊതുമേഖല കേന്ദ്രം നേരിടുന്ന വിവിധ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് 22.02.2014 ൽ വിളിച്ചുചേർത്ത യോഗത്തിൽ താഴെ പറയുന്ന തീരുമാനങ്ങൾ എടുത്തിട്ടുണ്ട്.<br>1. കർഷകർക്ക് 2013-14 സാമ്പത്തിക വർഷത്തിൽ ട്രാൻസ്പോർട്ട് സബ്സിഡി കൊടുത്തു തീർക്കുന്നതിന് 2 ¼ ലക്ഷം രൂപ അനുവദിക്കുക.<br>2. ഓപ്പറേഷണൽ കോസ്റ്റ് 3 ലക്ഷം രൂപയുൾപ്പെടെ 5 ¼ ലക്ഷം രൂപ അനുവദിക്കുക<br>3. പുതിയ ഒരു പിക്ക്അപ്പ് വാൻ വാങ്ങുക<br>2013-14 സാമ്പത്തിക വർഷത്തിൽ കോട്ടയം കറുപ്പന്തറ ജില്ല സംഭരണ വിപണന കേന്ദ്രത്തിനായി ട്രാൻസ്പോർട്ട് സബ്സിഡിയായി 1.75 ലക്ഷം രൂപയും ഓപ്പറേഷണൽ കോസ്റ്റിനായി 0.50 ലക്ഷം രൂപ അടക്കം ആകെ 2.25 ലക്ഷം രൂപ അനുവദിച്ച നൽകിയിട്ടുണ്ട്. 2013-14 സാമ്പത്തിക വർഷത്തിന്റെ അവസാനമായതിനാൽ കൂടുതൽ തുക കണ്ടെത്തുവാൻ സാധിച്ചില്ല. 2014-15 സാമ്പത്തിക വർഷം മാർക്കറ്റ് വികസന പദ്ധതിയിൽ ഉൾപ്പെടുന്ന കറുപ്പന്തറ ജില്ല സംഭരണ വിതരണ കേന്ദ്രത്തിന് ട്രാൻസ്പോർട്ട് സബ്സിഡിക്കും ഓപ്പറേഷൻ ചെലവിനും ഒരു പിക്ക്അപ്പ് വാൻ വാങ്ങുന്നതുൾപ്പെടെ ആവശ്യമായ പദ്ധതി തയ്യാറാക്കിയിട്ടുള്ളതും സാങ്കേതിക അനുമതി ലഭിക്കുന്ന മുറയ്ക്ക് നടപ്പിലാക്കുന്നതുമാണ്. |
| (ബി) കൃഷി വകുപ്പമന്ത്രിയുടെ അദ്ധ്യക്ഷത യിൽ ഉദ്യോഗസ്ഥരും ജനപ്രതിനിധി കളും ചർച്ച ചെയ്തെടുത്ത തീരുമാനം എത്രയും വേഗം നടപ്പിൽ വരുത്തു ന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) പദ്ധതി തയ്യാറാക്കി പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ